**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 292** **07.08.2017-ൽ മറുപടിയ്ക്ക്**

**<u>സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ഓർഡിനൻസ്</u>**

| **<u>ചോദ്യം</u>**<br>**ശ്രീ. പി.ടി. തോമസ് :** | **<u>മറുപടി</u>**<br>**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ഓർഡിനൻസ് ആദ്യമായി എന്നാണ് പുറത്തിറക്കിയത്; പ്രസ്തുത ഓർഡിനൻസിന് എന്ന് മുതലാണ് പ്രാബല്യം നൽകിയിരുന്നത്; | (എ) കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് (നമ്പർ 6/17) 10.04.2017 ൽ വിജ്ഞാപനം ചെയ്തു. പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം നല്കിയിരുന്നില്ല. |
| (ബി) പ്രസ്തുത ഓർഡിനൻസിലെ നിബന്ധന പ്രകാരം സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസും നിയന്ത്രിക്കുന്നതിനുള്ള സമിതിക്ക് രൂപം നൽകിയിരുന്നോ; എങ്കിൽ എത്ര അംഗങ്ങളുള്ള സമിതിക്കാണ് രൂപം നൽകിയത്; ഓർഡിനൻസിലെ നിബന്ധന പ്രകാരം എത്ര അംഗങ്ങളുള്ള സമിതിക്കായിരുന്നു രൂപം നൽകേണ്ടിയിരുന്നത്; | (ബി) 6-ാം നമ്പർ ഓർഡിനൻസിന് കീഴിൽ സമിതി രൂപീകരിച്ചിട്ടില്ല. |
| (സി) പ്രവേശനവും, ഫീസും നിയന്ത്രിക്കുന്നതിനുള്ള സമിതിയുടെ രൂപീകരണം ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിബന്ധന ഓർഡിനൻസിൽ ഉണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത നിബന്ധനപ്രകാരം രാജേന്ദ്രബാബു ചെയർമാനായ സമിതി ആദ്യം രൂപീകരിച്ചപ്പോൾ പ്രസ്തുത രൂപീകരണം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് എന്നറിയിക്കാമോ; | (സി) ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്ന നിബന്ധന ഉണ്ടായിരുന്നെങ്കിലും 6-ാം നമ്പർ ഓർഡിനൻസിന് കീഴിൽ സമിതി രൂപീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**